**കൈത്താക്കാലം ആറാം ഞായർ**

**ലൂക്കാ 17:11-19**

## നന്ദിയുള്ളവരാകാം

**റവ.ഫാ. സെബാസ്റ്റ്യൻ പാറയിൽ**

യേശു ശിഷ്യർക്ക് ഉപദേശങ്ങൾ നല്കുന്നതിനിടയിൽ കടന്നുവരുന്ന ഒരു സംഭവവിവരണം. ദുഷ്പ്രേരണകളുടെ സാധ്യതകളെക്കുറിച്ചും തിരുത്തേണ്ട രീതിയെപ്പറ്റിയും ക്ഷമയുടെ ആവശ്യകതയെക്കുറിച്ചും വിശ്വാസത്തിന്റെ അനിവാര്യതയെക്കുറിച്ചും ഉദ്ബോധിപ്പിക്കുന്ന ഉപക്രമം.

പ്രയോജനമില്ലാത്ത ദാസന്മാർ കടമ നിർവഹിച്ചതേയുള്ളൂ എന്ന മനോഭാവത്തോടെ, പ്രതിഫലവും നന്ദിയും പ്രതീക്ഷിക്കാതെ നിഷ്കാമകർമമനുഷ്ഠിക്കണമെന്നു പഠിപ്പിക്കുന്നു. തുടർന്നുള്ള ഒരു സംഭവവിവരണമാണ് സുവിശേഷഭാഗം. മനുഷ്യപുത്രന്റെ ആഗമനവിവരണത്തോടെ അധ്യായം പൂർത്തിയാകുന്നു.

മനുഷ്യൻ നന്ദിയുള്ളവനായിരിക്കണമെന്ന ആദർശം ഈ സന്ദർഭത്തിലൂടെ വെളിവാക്കപ്പെടുന്നു. അവന്റെ മുഖം ജറുസലെമിലേക്ക് തിരിഞ്ഞിരുന്നു. സമാന്തരസുവിശേഷങ്ങളുടെ വീക്ഷണത്തിൽ, യേശുവിന്റെ ജീവിതദൗത്യം തന്നെ ജറുസലേമിലേക്കുള്ള യാത്രയായാണ് ചിത്രീകരിച്ചിരിക്കുന്നത്. ദൗത്യപൂർത്തീകരണത്തിനായി, ബലിയർപ്പിക്കാനുള്ള യാത്രക്കിടയിൽ കടന്നുപോകുന്ന ജീവിതം (പെസഹാ = കടന്നുപോകൽ).

കഥാപാത്രങ്ങൾ, കനിവിനായി സ്വരമുയർത്തി കരയുന്ന പത്തു കുഷ്ഠരോഗികൾ. നായകന്റെ നാടകീയതയില്ലാത്ത സൗഖ്യദാനം, ഒപ്പം സാക്ഷ്യപ്പെടുത്താനുള്ള നിർദേശവും. പത്തുപേരും പോകുംവഴി രോഗവിമുക്തരായെങ്കിലും ഒരാൾ മാത്രം തിരിച്ചെത്തി നന്ദി പറയുന്നു. അവൻ ഒരു സമറിയാക്കാരനായിരുന്നെന്നു സവിശേഷനാമ വിശേഷണം. യേശു നന്ദി പ്രതീക്ഷിക്കുന്നവനെപ്പോലെ ശേഷിച്ച പത്തുപേരെക്കുറിച്ച് അന്വേഷിക്കുന്നു. വിശ്വാസമാണ് രക്ഷയുടെ അടിസ്ഥാനമെന്ന് മടങ്ങിവന്നവനെ ഉദ്ബോധിപ്പിച്ച് തിരിച്ചയക്കുന്നു.

സുപരിചിതമായ സുവിശേഷഭാഗം സുവ്യക്തമായ വാച്യാർത്ഥം. നിത്യതയിലേക്കുള്ള, സ്വർഗം ലക്ഷ്യമാക്കിയുള്ള ജീവിതയാത്രയിൽ നാം കടന്നുപൊയ്ക്കൊണ്ടേയിരിക്കുന്നു. നീറുന്ന നൂറുനൂറു ജീവിതപ്രശ്നങ്ങൾ വീർപ്പുമുട്ടിക്കുമ്പോഴും രോഗദുരിതങ്ങൾ വഴിമുട്ടിക്കുമ്പോഴും സുഖപ്പെടുത്തുന്ന ദൈവത്തെ സ്വരമുയർത്തി വിളിക്കണം. ദൈവകല്പനകൾ പാലിച്ചുള്ള ജീവിതത്തിലൂടെ രക്ഷയിലേക്കു നടന്നടുക്കണം. യഹൂദൻ അവഗണിച്ചുകളഞ്ഞ സമരിയാക്കാരൻ സ്തുതിച്ചു നന്ദി പറഞ്ഞു തിരിച്ചുവന്നെങ്കിൽ എന്റെ മനോഭാവം നന്ദി നിറഞ്ഞതാവണ്ടേ? എന്റെ തിരിച്ചുവരവ് കാത്തിരിക്കുന്ന ദൈവം എനിക്ക് സ്വന്തമായുണ്ടല്ലോ.

കോവിഡ് – 19 എന്ന മാഹാമാരിയുടെ ഭയാശങ്കകൾ നിറഞ്ഞ നാളുകളിലാണല്ലോ നാം ജീവിക്കുന്നത്. ദൈവികഇടപെടലിനായി വിശ്വാസപൂർവം കാത്തിരിക്കുന്ന കാലം. മനുഷ്യന്റെ എല്ലാ കഴിവുകളെയും സാധ്യതകളെയും ദൈവഹിതാനുസാരം സംയോജിപ്പിക്കുകയും സഹകരിക്കുകയും ചെയ്യേണ്ട സമയമാണിത്.

Thanksgiving Day – ആണ്ടുവട്ടത്തിൽ നവംബർ മാസത്തിലെ നാലാം വ്യാഴം നോർത്ത് അമേരിക്കയിലും കാനഡയിലും അർത്ഥപൂർണമായ ഒരവധി ദിവസമാണ് – നന്ദി പറയാനൊരു ദിനം നീക്കിവയ്ക്കപ്പെട്ടിരിക്കുന്നു. വളരെ ദീപ്തമായ ദിനം. വിളവെടുപ്പുത്സവമായാണ് തുടക്കമെങ്കിലും ആ ദിവസത്തെ ഓർത്തിരിക്കേണ്ട നന്മകളാൽ ആ ദേശവാസികൾ ഉത്സവദിനമായി മാറ്റാറുണ്ട്. എല്ലാത്തിനും എല്ലാവർക്കും നന്ദി പറയാനൊരു ദിനം, അർത്ഥവ്യാപ്തിയേറെയുള്ളതായി തോന്നുന്നു.

വാസ്തവത്തിൽ ഒരു വിശ്വാസിയുടെ എല്ലാ ദിനങ്ങളും അങ്ങനെ ആയിരിക്കേണ്ടതാണ്. ദൈവത്തിനും മനുഷ്യർക്കും നന്ദിയർപ്പിച്ചു കൊണ്ടുള്ള ജീവിതം.

നമ്മൾ നന്ദി പ്രകടിപ്പിക്കുന്ന കാര്യത്തിൽ പിശുക്കന്മാരോ, മടിയന്മാരോ ഒക്കെയാണ്. Thanks എന്ന ഇംഗ്ലീഷ് വാക്ക് ബുദ്ധിമുട്ടി കടമെടുത്താണ് അനിവാര്യമായി വന്നാൽ നാമതു ഉപയോഗിക്കുന്നത്. മറ്റ് സംസ്കാരങ്ങളിലും ഭാഷകളിലും നന്ദിക്കു തുല്യമായ വാക്കുകളിലൂടെ കലവറയില്ലാത്ത ഉപയോഗം നമ്മെ അദ്ഭുതപ്പെടുത്തുന്നതാണ്.

മനുഷ്യനെപ്പോലെ ദൈവം മനുഷ്യനിൽ നിന്നും നന്ദി പ്രതീക്ഷിക്കുന്നുവോ എന്നത് കുഴയ്ക്കുന്ന ഒരു ചോദ്യമാണ്. കൃതജ്ഞതാസ്തോത്രം വചനപ്രമേയം തന്നെയാണല്ലോ. സങ്കീർത്തനങ്ങൾ ഏറെയും നന്ദിയുടെയും കൃതജ്ഞതയുടേതുമാണ്. വാസ്തവത്തിൽ നമ്മുടെ പ്രാർത്ഥനകളുടെ മുഖ്യപ്രമേയമാകേണ്ടതും യാചനകളെക്കാളുപരി കൃതജ്ഞതാസ്തോത്രമാണ്.

കിണറ്റുകരയിൽ കണ്ടുമുട്ടിയ സമരിയാക്കാരിയുടെയും നല്ല സമരിയാക്കാരന്റെയും നന്ദി പറയാൻ തിരിച്ചുവന്ന പത്തിലൊരുവനായ വിജാതീയന്റെയും കഥകൾ കൂടി പറയുമ്പോൾ മുൻവിധികളോടെ മാറ്റിനിർത്താത്ത, ആരെയും അവഗണിക്കാത്ത, സകലരെയും വിലമതിക്കുന്ന ദൈവസ്നേഹത്തിന്റെ സർവാശ്ലേഷിയായ രശ്മികൾ നമ്മിലേക്കും വന്നുപതിക്കുന്നു.

ഇന്നലെയും ഇന്നും എന്നും ഒരേയാൾ തന്നെയായ യേശുക്രിസ്തു, നന്മമാത്രം ചെയ്തുകൊണ്ട് നമുക്കിടയിലൂടെ കടന്നുപോകുന്നു. അകലെ അതുനോക്കി നിൽക്കുക മാത്രമല്ല സ്വരമുയർത്തി വിളിക്കുകയും അവൻ കാണാൻ പാകത്തിനു അടുത്തുവരികയും ചെയ്യുമ്പോൾ അത് മാറാവ്യാധിയിൽ നിന്നും മുക്തി നല്കുന്ന ഒരു കണ്ടുമുട്ടലായിത്തീരുന്നു. കനിവിനു വേണ്ടിയുള്ള കണ്ണീരും വിലാപവും സ്തുതികീർത്തനങ്ങളായി പരിണമിക്കുന്നു.